"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-കോട്ടയം നഗരസഭയിലെ തിരുവാതുക്കൽ സോണൽ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സജിത.ജെ. യ്ക്ക് പ്രതേക അവശതാ അവധി -അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1712/2026/LSGD തീയതി,തിരുവനന്തപുരം, 10-09-2026

---

പരാമർശം:-
1. ശ്രീമതി സജിത.ജെ സമർപ്പിച്ച 02/02/2026 തീയതിയിലെ ലീവ് അപേക്ഷ.
2. കോട്ടയം മുനിസിപ്പൽ സെക്രട്ടറിയുടെ 02/02/2026 തീയതിയിലെ 4541690-2025 നമ്പർ സാക്ഷ്യപത്രം.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 01/06/2026 തീയതിയിലെ LSGD/PD/16306/2026-DEF2 നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം നഗരസഭയിലെ തിരുവാതുക്കൽ സോണൽ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സജിത.ജെ. പ്രൊഫഷണൽ ടാക്സ് അടയ്ക്കുന്നതിനുള്ള നോട്ടീസ് വിതരണം ചെയ്യുന്നതിനിടെ 27.08.2025-ന് അപകടത്തിൽപ്പെട്ട് കാലിന് പരിക്കേറ്റതായും, ഡോക്ടറുടെ നിർദ്ദേശപ്രകാരം വിശ്രമം ആവശ്യമായതിനാൽ 27.08.2025 മുതൽ 18.09.2025 വരെ 21 ദിവസത്തേക്ക് അവധിയിൽ പ്രവേശിച്ചതായും ടി കാലയളവിൽ ടിയാൾക്ക് പ്രത്യേക അവശതാവധി അനുവദിക്കുന്നതിന് സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള ലീവ് അപേക്ഷയും ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചത് എന്നത് സംബന്ധിച്ച് മേലധികാരിയുടെ സാക്ഷ്യപത്രവും അനുബന്ധ രേഖകളും സഹിതം പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തു സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോട്ടയം നഗരസഭയിലെ തിരുവാതുക്കൽ സോണൽ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സജിത.ജെ. യ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും നഗരസഭാ സെക്രട്ടറിയുടെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ KSR Part 1 Rule 98 പ്രകാരം 27.08.2025 മുതൽ 18.09.2025 വരെ പ്രതേക അവശത അവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കോട്ടയം മുനിസിപ്പാലിറ്റി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി സജിത.ജെ, ഓഫീസ് അറ്റൻഡന്റ് , കോട്ടയം മുനിസിപ്പാലിറ്റി (പ്രിൻസിപ്പൽ ഡയറക്ടർ

മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി )

കരുതൽ ഫയൽ/ഓഫീസ് കോപ്പി(EU3/174/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Sonu Jacob
Date: 11-09-2026
10:12:16

സെക്ഷൻ ഓഫീസർ